## പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി IX

# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2014 ജൂലൈ 11-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

967/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി IX
# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
# (2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

ഡോ. എം. കെ. മുനീർ ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

ശ്രീ. മഞ്ഞളാംകുഴി അലി,
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ , എം. എൽ . എ.

ശ്രീ. സി. മമ്മൂട്ടി, എം. എൽ . എ.

ശ്രീ. പി. റ്റി. എ. റഹീം, എം. എൽ . എ.

ശ്രീ. വി. ശിവൻകുട്ടി, എം. എൽ . എ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ , എം. എൽ . എ.

ശ്രീ. ഇ. കെ. വിജയൻ , എം. എൽ . എ.

ശ്രീ. കെ. വി. വിജയദാസ്, എം. എൽ . എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി

ശ്രീ. എം. കെ. സുരേന്ദ്രലാൽ , ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ ചെയർമാനായ ഞാൻ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2013 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 28-5-2014-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്തിൽ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ റിപ്പോർട്ടിലെ ശുപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാതെയുള്ള ശുപാർശകളുടെ വിവരങ്ങളും ചേർത്തിരിക്കുന്നു.

2014 ജൂലൈ 10-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. സി. ജോസഫ്,
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി IX.*

തിരുവനന്തപുരം,
2014 ജൂലൈ 10.

# റിപ്പോർട്ട്

## ഭാഗം 1

## 2013-2014 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

## ധനാഭ്യർത്ഥന നമ്പർ XXI —ഭവനനിർമ്മാണം

ശുപാർശ

2216-01-106-99—ഭരണവും നടത്തിപ്പും 2059 പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കു മാറ്റിയ വിഹിതം

മറ്റ് ശീർഷകങ്ങളിൽ അധികമായി അനുവദിക്കുന്ന വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിലും അധിക വിഹിതം അനുവദിക്കേണ്ടതിനാൽ 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക ചെലവ് വരാത്തതുകൊണ്ട് മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ കൂടുതൽ തുക ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 4515/എ 3/13/ഭവനം തീയതി 24-5-2014)

ശുപാർശ

2216-01-106-97—സംരക്ഷണവും അറ്റകുറ്റപ്പണികളും

മതിയായ ബഡ്ജറ്റ് വിഹിതം ലഭ്യമാകാത്തതുമൂലം ഒട്ടേറെ ക്വാർട്ടേഴ്സുകളുടെ സംരക്ഷണ പണികൾ പെന്റിംഗിലായതിനാൽ ഈ ശീർഷകത്തിൽ സാധാരണ അറ്റകുറ്റപ്പണികൾക്കായി 4 കോടി രൂപയും പ്രത്യേക അറ്റകുറ്റപ്പണികൾക്കായി 5 കോടി രൂപയും ഇലക്ട്രിക്കൽ മെയിന്റനൻസിനായി 1 കോടി രൂപയും ചേർത്ത് 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/13/ഭവനം തീയതി 15-5-2014)

967/2014.

ശുപാർശ

2216-01-106-96—2059 പൊതുമരാമത്ത് എന്നതിൽ നിന്ന് യന്ത്രോപകരണങ്ങൾക്കും പണിയായുധങ്ങൾക്കും വേണ്ടി മാറ്റിയ വിഹിതം

2059 പൊതുമരാമത്ത് എന്നതിൽ നിന്നും മറ്റു ശീർഷകങ്ങളിലെ അടങ്കൽ തുകയ്ക്ക് ആനുപാതികമായി ഈ ശീർഷകത്തിൽ തുക വകയിരുത്തേണ്ടതായുള്ളതിനാൽ മറ്റു ശീർഷകങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന അധിക തുകകൾ നൽകുന്ന മുറയ്ക്ക് ആനുപാതികമായുള്ള തുക ലഭ്യമാക്കുന്നതിന് ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക ചെലവ് വരാത്തതുകൊണ്ട് മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ കൂടുതൽ തുക ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 4515/എ 3/13/ഭവനം തീയതി 24-5-2014)

ശുപാർശ

2216-01-106-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി ഇതിൽ സാധാരണ അറ്റകുറ്റപ്പണികൾ എന്ന കണക്കിനത്തിൽ 1 കോടി രൂപയും പ്രത്യേക അറ്റകുറ്റപ്പണികൾ എന്ന കണക്കിനത്തിൽ 1 കോടി രൂപയും ഇലക്ട്രിക്കൽ മെയിന്റനൻസ് എന്ന കണക്കിനത്തിൽ 50 ലക്ഷം രൂപയും ഉൾപ്പെടുത്തി ആകെ 2.50 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-01-106-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

നിയമസഭാ സാമാജികരുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി (സിവിലും ഇലക്ട്രിക്കലും) 2013-14 വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 1.25 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4 & 5)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/13/ഭവനം തീയതി 15-5-2014)

ശുപാർശ

2216-02-800-96—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ താഴ്ന്ന വരുമാനക്കാർക്കുള്ള ഫ്ലാറ്റ് നിർമ്മാണം

2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 2 കോടി രൂപ വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ സമിതി ശുപാർശ ചെയ്ത തുക ഭവനനിർമ്മാണ ബോർഡിന് അനുവദിക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4570/സി1/13/ഭവനം തീയതി 25-3-2014)

ശുപാർശ

2216-03-104-99(01)—സർക്കാർ ജീവനക്കാർക്ക് പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സബ്സിഡി

സ്ഥിരം വരുമാനമുള്ള സർക്കാർ ജീവനക്കാരെ ഹൗസിംഗ് സഹകരണ മേഖലയിൽ ആകർഷിച്ച് പ്രാഥമിക വായ്പ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി നഷ്ടം കുറയ്ക്കുന്ന പദ്ധതിക്കായി മേൽപ്പറഞ്ഞ ശീർഷകത്തിൽ 509,89,21,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ വിഭവലഭ്യതയുടെ പരിമിതി കാരണം കൂടുതൽ വിഹിതം അനുവദിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4515/എ 3/13/ഭവനം തീയതി 24-5-2014)

ശുപാർശ

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

21-1—വാഹനം വാങ്ങൽ

ടൈ ക്ലിക്കൽ സെല്ലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി നടപ്പു സാമ്പത്തിക വർഷം 6 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-001-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും

ടൈ ക്ലിക്കൽ സെല്ലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ടെക്ലിക്കൽ സെല്ലിലെ സാമഗ്രികൾ മാറ്റി സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നതിനാൽ ഇതിലേക്ക് 2 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8 & 9)

സർക്കാർ സ്വീകരിച്ച നടപടി

ഹൗസിംഗ് കമ്മീഷണറിൽ നിന്നും ശുപാർശ ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4515/എ 3/13/ഭവനം തീയതി 24-5-2014)

ശുപാർശ

2216-80-003-99—കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കട്ടപ്പന

2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2.50 കോടി രൂപ വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

ശാസ്ത്രീയമായി സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനോട് ആവശ്യപ്പെട്ടിരിക്കുകയാണ് . സാധ്യതാ പഠനം നടത്തുന്നതിന് CMD-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 4515/എ 3/13/ഭവനം തീയതി 24-5-2014)

ശുപാർശ

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

**ആർട്ടിസാൻ പരിശീലനം**

2007-08 സാമ്പത്തിക വർഷം മുതൽ നിർമ്മിതി കേന്ദ്രം നടത്തിവരുന്ന ഒരു പ്രധാന പദ്ധതിയാണ് ആർട്ടിസാൻ ട്രെയിനിംഗ്. കേരളത്തിലുടനീളമുള്ള കെസ്നിക്കിന്റെ വിവിധ സെന്ററുകൾ വഴിയാണ് പ്രസ്തുത പരിശീലനം നടത്തുന്നത്. നിർമ്മാണ മേഖലയിൽ പുതിയ തൊഴിലാളികളെ വാർത്തെടുക്കാൻ പാകത്തിൽ രൂപപ്പെടുത്തിയ ഈ പദ്ധതി നിർമ്മിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്. നടപ്പുവർഷം ഇതേ ശീർഷകത്തിൽ കലവറയ്ക്ക് അനുവദിച്ച 4.4 കോടി രൂപയിൽ നിന്ന് ആർട്ടിസാൻ ട്രെയിനിംഗിനായി
50 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പു സാമ്പത്തിക വർഷം ഈ ആവശ്യത്തിനു വേണ്ടി വകകൊള്ളിച്ചിട്ടുള്ള 50 ലക്ഷം രൂപ ചെലവഴിച്ച ശേഷം ആവശ്യമെങ്കിൽ reallocation വേണ്ടിയുള്ള proposal ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടെ അനുവദിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 4515/എ 3/13/ഭവനം തീയതി 24-5-2014)

<u>ശുപാർശ</u>

**പ്രീ ഫാബ്രിക്കേറ്റഡ് കെട്ടിടനിർമ്മാണ വസ്തുക്കളുടെ നിർമ്മാണ യൂണിറ്റ്**

കെട്ടിടനിർമ്മാണ വസ്തുക്കളുടെ വില അനുദിനം സാധാരണ ആളുകൾക്ക് താങ്ങാവുന്നതിലധികം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും അതുപോലെത്തന്നെ മാസ് ഹൗസിംഗ് പദ്ധതികളുടെ ആവശ്യം നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ വർദ്ധിച്ചുവരികയാണെന്നും ആയതിനാൽ പ്രീ ഫാബ്രിക്കേറ്റഡ് വസ്തുക്കളുടെ ഉപയോഗം ഈ മേഖലയിൽ ചെലവുകൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുമെന്നും സമിതി വിലയിരുത്തി. നടപ്പു സാമ്പത്തിക വർഷം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രീ ഫാബ്രിക്കേറ്റഡ് റൂഫിംഗ് ചാനലുകളുടെയും ആര്.സി.സി. ബീം & പ്ലാങ്കുകളുടെയും ഒരു നിർമ്മാണ യൂണിറ്റ് വെള്ളറടയിൽ കെസ്നിക്കിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ ഇതേ ശീർഷകത്തിൽ കലവറ പദ്ധതിക്കുവേണ്ടി അനുവദിച്ച 4.4 കോടി രൂപയിൽ നിന്ന് 40 ലക്ഷം രൂപ ഈ പദ്ധതിക്കുവേണ്ടി വകമാറ്റി ചെലവഴിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

മുൻ വർഷങ്ങളിൽ അനുവദിച്ച തുകയുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർമ്മിതി കേന്ദ്രത്തിനോ ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സർക്കാർ കത്ത് നമ്പർ 4515/എ 3/13/ഭവനം തീയതി 24-5-2014)

ശുപാർശ

2216-80-103-99-01—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)-36—സഹായധനം—ശമ്പളേതരം

ദുർബല വിഭാഗ പാർപ്പിട പദ്ധതി നടപ്പിലാക്കിയതു വഴിയുള്ള കമ്മി നികത്തുന്നതിനായി 63.10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(02)—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

വർക്കിംഗ് ജേർണലിസ്റ്റുകൾക്കുള്ള ഭവന പദ്ധതിയിൽ സർക്കാർ സബ്സിഡി ഒരു ലക്ഷമായി വർദ്ധിപ്പിച്ചു നൽകുന്നതിനും ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷം അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(06)—പാർലമെന്റംഗങ്ങൾക്കൾക്കും നിയമസഭാംഗങ്ങൾക്കുമുള്ള ഭവന പദ്ധതി

13.5 ശതമാനം പലിശനിരക്കിൽ നൽകുന്ന ഭവനവായ്പ പാർലമെന്റംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കും 7.5 ശതമാനം നിരക്കിൽ നൽകുമ്പോൾ പലിശയിനത്തിൽ ഉണ്ടാകുന്ന വ്യത്യാസം തീർപ്പാക്കുന്നതിന് ഈ ശീർഷകത്തിൽ അധികമായി 2.25 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13, 14, 15)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം അധിക തുക അനുവദിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/13/ഭവനം തീയതി 15-5-2014)

ശുപാർശ

(07)—മൈത്രി പലിശ സബ്സിഡി

മൈത്രി ഭവനനിർമ്മാണ പദ്ധതിയിൽ പലിശ സബ്സിഡി ഇനത്തിൽ തുക സർക്കാരിൽ നിന്നും ലഭിക്കേണ്ടതുള്ളതിനാൽ 164,85,13,000 രൂപ ഇതിലേക്ക്

2216-80-103-99(07) എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ സമിതി ശുപാർശ ചെയ്ത തുക ഭവനനിർമ്മാണ ബോർഡിന് അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4507/സി1/13/ഭവനം തീയതി 25-3-2014)

<u>ശുപാർശ</u>

(34)—<u>ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ നവീകരണം</u>

ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ പുനർനിർമ്മാണത്തിനും നവീകരണത്തിനുമായി വീടൊന്നിന് 2 ലക്ഷം രൂപ വീതം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(35)—<u>ലക്ഷംവീട് ബമ്പർ ലോട്ടറി (തനതുവരുമാനം)</u>

ലോട്ടറിയുടെ സെയിൽ പ്രൊസീഡ്സ് സർക്കാർ നൽകുമെന്ന് ഏറ്റിരുന്നെങ്കിലും ആയത് ലഭ്യമായിട്ടില്ല. പ്രസ്തുത ആവശ്യത്തിലേക്ക് ഈ ശീർഷകത്തിൽ 6.16 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17, 18)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ സമിതി ശുപാർശ ചെയ്ത തുക ഭവനനിർമ്മാണ ബോർഡിന് അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4507/സി1/13/ഭവനം തീയതി 25-3-2014)

<u>ശുപാർശ</u>

(37)—<u>ഗൃഹശ്രീ സബ്സിഡി</u>

ഗൃഹശ്രീ പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിനായി 90 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഗൃഹശ്രീ ഭവന പദ്ധതിയുടെ നടത്തിപ്പിനായി 2013-14 സാമ്പത്തിക വർഷം 10.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിഭവലഭ്യതയുടെയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ സമിതി ശുപാർശ ചെയ്ത അധിക തുക ഭവനനിർമ്മാണ ബോർഡിന് അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4507/സി1/13/ഭവനം തീയതി 25-3-2014)

<u>ശുപാർശ</u>

2216-80-103-99—<u>മൈത്രി ആന്വറ്റി ഡെപ്പോസിറ്റ്</u> (നോൺ പ്ലാന്)

പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ 1996-2001 കാലയളവിൽ ഭവനനിർമ്മാണ ബോർഡിൽ അഡ്വാൻസായി ഡെപ്പോസിറ്റ് ചെയ്തിരുന്ന തുക തിരിച്ച നൽകുന്നതിനായി 21.85 കോടി രൂപ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മൈത്രി നിക്ഷേപ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവനനിർമ്മാണ ബോർഡിൽ നിക്ഷേപിച്ചിരുന്ന തുകയിൽ വിനിയോഗിക്കപ്പെടാത്ത തുക (22.15 കോടി രൂപ) തിരികെ നൽകുന്നതിനായി ടി തുക ഭവനനിർമ്മാണ ബോർഡിന് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 4507/സി1/13/ഭവനം തീയതി 25-3-2014)

<u>ശുപാർശ</u>

2216-80-800-85—<u>കോഴിക്കോട് ജില്ലയിലെ ബാബു ഗ്ലാദേശ് കോളനിയിലെ 340 കുടുംബങ്ങളുടെ പുനരധിവാസത്തിന് ഫ്ലാറ്റ് നിർമ്മാണം</u>

ഈ പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ പൂർത്തീകരിച്ച 218 വീടുകളുടെ പണിയുമായി ബന്ധപ്പെട്ട കോൺട്രാക്ടേഴ്സ് ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും രണ്ടാംഘട്ട പണിയുടെ നടത്തിപ്പിനുമായി ഈ ശീർഷകത്തിൽ 21.10 കോടി രൂപ

വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പു സാമ്പത്തിക വർഷം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ബഡ്ജറ്റ് വിഹിതത്തിനുപരിയായി കോഴിക്കോട് ജില്ലയിലെ ബംഗ്ലാദേശ് കോളനിയുടെ പുനരധിവാസ പദ്ധതിക്ക് നാല് കോടി രൂപ അനുവദിച്ചിട്ടുണ്ട്. 58 ലക്ഷം രൂപ കുടി ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ നിലവിലെ വിഭവ ലഭ്യതയുടെ പരിമിതി കാരണം കൂടുതൽ വിഹിതം അനുവദിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4515/എ 3//13/ഭവനം തീയതി 24-5-2014)

<u>ശുപാർശ</u>

4216-01-106-99—<u>ഭരണവും നടത്തിപ്പും 2059 പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജുകൾക്കുവേണ്ടി മാറ്റിയ വിഹിതം</u>

സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള മൂലധന ചെലവ് വിഭാഗത്തിൽ 2013-2014 വർഷത്തേക്ക് 4216-01-106-98, 4216-01-106-97, 4216-01-106-96, 4216-01-106-94 എന്നീ ശീർഷകങ്ങളിലായി വകയിരുത്തിയിരിക്കുന്ന തുക ആകെ 13.90 കോടി രൂപ (482 ലക്ഷം+8 ലക്ഷം+300 ലക്ഷം+600 ലക്ഷം)-യുടെ 20% അതായത് 2.78 കോടി രൂപ എസ്റ്റാബ്ലിഷ്മെന്റ് വിഹിതമായി നടപ്പുവർഷം ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-01-106-98—<u>നിർമ്മാണം</u>

ഈ ശീർഷകത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിനു 3.93 കോടി രൂപ (16-വൻകിട മരാമത്ത് പണികള്) അനുവദിച്ചെങ്കിലും ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിനു തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത [illegible]. (02) എന്ന കണക്കിനത്തിൽ ഈ ആവശ്യത്തിലേക്ക് 200 ലക്ഷം രൂപയും കോട്ടയം വർക്കിംഗ് വുമൺസ് ഹോസ്റ്റൽ പണിക്കായി (03) എന്ന കണക്കിനത്തിൽ ബജറ്റ് വിഹിതത്തിനുപുറമെ 111 ലക്ഷം രൂപയും സീനിയർ ഓഫീസർമാരുടെ പാർപ്പിട പദ്ധതി പ്രകാരം നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കാനും പുതിയവ ഏറ്റെടുക്കുന്നതിനുമായി (04) എന്ന കണക്കിനത്തിൽ 3 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23 & 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/13/ഭവനം തീയതി 15-5-2014)

<u>ശുപാർശ</u>

4216-01-106-97—<u>യന്ത്രോപകരണങ്ങൾ 2059 പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കുംവേണ്ടി മാറ്റിയ വിഹിതം</u>

മറ്റ് ശീർഷകങ്ങളിലെ തുകയ്ക്ക് ആനുപാതികമായി 2059 പൊതുമരാമത്ത് ടി & പി ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ ഇനത്തിലുള്ള വിഹിതമണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നത്. മറ്റു ശീർഷകങ്ങളിൽ അനുവദിക്കുന്ന അധികതുകയ്ക്ക് ആനുപാതികമായി (അതായത് 1.40% നിരക്കില്) ഈ ശീർഷകത്തിൽ അധിക വിഹിതം അനുവദിക്കേണ്ടതായിട്ടുള്ളതിനാൽ 28,00,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക ചെലവ് വരാത്തതുകൊണ്ട് മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ കൂടുതൽ തുക ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 4515/എ 3/13/ഭവനം തീയതി 25-5-2014)

<u>ശുപാർശ</u>

4216-01-106-96—<u>നഗരപ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങൾക്കുള്ള നവീന ഭവന പദ്ധതി</u>

പദ്ധതിയുടെ പുരോഗതിക്കനുസരിച്ച് ഈ ശീർഷകത്തിൽ അധികതുക അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം അധികതുക അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/13/ഭവനം തീയതി 15-5-2014)

ശുപാർശ

4216-80-190-97—കേരള സംസ്ഥാന ഹൗസിംഗ് ഡെവലപ്പ്മെന്റ് ഫൈനാൻസ് കോർപ്പറേഷന്-രൂപീകരണം

ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷന് കമ്പനിയായി പ്രവർത്തിക്കുവാൻ നാഷണൽ ഹൗസിംഗ് ബാങ്കിന്റെ അനുമതി ആവശ്യമാണെന്നും അത് ലഭിക്കണമെങ്കിൽ Authorized Share Capital-ഉം paid up Share Capital-ഉം ഏറ്റവും ചുരുങ്ങിയത് 10 കോടി രൂപയായിരിക്കണം എന്നും 10 കോടി paid up Share Capital-ലായി കമ്പനി അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്തതിന് ശേഷം മാത്രമേ ഹൗസിംഗ് ഫിനാൻസ് കമ്പനിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതി നാഷണൽ ഹൗസിംഗ് ബാങ്കിൽ നിന്നും നേടിയെടുക്കാൻ സാധിക്കുകയുള്ളൂ എന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്ക് 9 കോടി രൂപ കൂടി അധിക വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം അധികതുക അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/13/ഭവനം തീയതി 15-5-2014)

ശുപാർശ

4216-80-195-99—ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ

05—പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ ഓഹരി മൂലധനം അംശദാനം

പ്രാഥമിക ഹൗസിംഗ് സംഘങ്ങളുടെ പ്രവർത്തനം വികസിപ്പിക്കുന്നതിന് ആവശ്യമായ ഓഹരിമൂലധനം ലഭ്യമാക്കുന്നതിന് ഒരു കോടി രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ വിഭവ ലഭ്യതയുടെ പരിമിതി കാരണം കൂടുതൽ വിഹിതം അനുവദിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4515/എ 3/2013/ഭവനം തീയതി 24-5-2014)

ശുപാർശ

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

2013-14 വർഷം കോർപ്പറേഷൻ പ്ലാന്, നോൺ പ്ലാൻ ഇനങ്ങളിലായി സമർപ്പിച്ചിരുന്ന എല്ലാ നിർദ്ദേശങ്ങളും പൂർത്തീകരിക്കുന്നതിനായി പ്ലാൻ ഇനത്തിൽ 57.44 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 21,32,13,000 രൂപയും ഈ ശീർഷകത്തിൽ അധിക വിഹിതമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ച് നൽകുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4515/എ 3/2013/ഭവനം തീയതി 24-5-2014)

ശുപാർശ

6216-80-190-98—സാഫല്യം ഭവന പദ്ധതി (പാർപ്പിടാവകാശ പദ്ധതി ഭവനരഹിതരായ ആളുകൾക്കുള്ള ഭവന പദ്ധതി)

900 ഫ്ലാറ്റുകൾ പണിയുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും എന്നാൽ സർക്കാർ വിഹിതമായി ഫ്ലാറ്റ് ഒന്നിന് 2 ലക്ഷം രൂപ എന്ന നിരക്കിൽ തുക അനുവദിക്കുന്നതിന് ബജറ്റ് വിഹിതം പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ഇനത്തിൽ അധിക വിഹിതമായി 12 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/2013/ഭവനം തീയതി 25-5-2014)

<u>ശുപാർശ</u>

6216-80-201-99—<u>കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നൽകുന്ന വായ്പകൾ</u>
07—<u>ഹഡ്കോയുമായുള്ള ബാദ്ധ്യത തീർപ്പാക്കൽ</u>

ഹഡ്കോയുമായുള്ള ലോൺ തിരിച്ചടവിനായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച വിഹിതത്തിനുപുറമേ 12,27,20,000 രൂപ കൂടി അധിക വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ।

(ഖണ്ഡിക 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഹഡ്കോ ബാദ്ധ്യത തീർക്കുന്നതിന് 6216-80-201-99-07 എന്ന ശീർഷകത്തിൽ 245.56 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതിനുപുറമെ 2014 ജനുവരിയിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ബോർഡിന് 41.594 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 4567/സി1/2013/ഭവനം തീയതി 25-3-2014)

<u>ശുപാർശ</u>

6216-80-201-99 (06)—<u>വർക്കിംഗ് ക്യാപ്പിറ്റൽ (നോൺ പ്ലാന്)</u>

പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി 50 കോടി രൂപ 6216-80-201-99 (06) എന്ന ശീർഷകം ഉൾപ്പെടുത്തി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി ഹഡ്കോ വായ്പ തിരിച്ചടവിന് 41.54 കോടി രൂപ

അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ നിലവിലെ വിഭവ ലഭ്യതയുടെ പരിമിതി കാരണം കൂടുതൽ വിഹിതം അനുവദിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4515/എ 3/2013/ഭവനം തീയതി 24-5-2014)

## ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പരാമർശിക്കാത്ത അഭ്യർത്ഥനകൾ

ശുപാർശ

**ഹൗസിംഗ് ഫെഡറേഷന് അധിക ധനസഹായം**

വായ്പ തുക അടച്ചുതീർത്തിട്ടും പ്രമാണം തിരികെ ലഭിക്കാത്ത ആൾക്കാർക്ക് പ്രമാണം തിരികെ നൽകുന്നതിന് 7.5 കോടി രൂപ വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവരുടെയും മാരക രോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും തികച്ചും നിരാലംബരുടെയും ഭവനവായ്പ ഇനത്തിലുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള ഒരു സാന്ത്വന പദ്ധതി**

ഭവന വായ്പയെടുത്തിട്ട് മരണമോ മാരകരോഗങ്ങൾ ബാധിച്ചവരുടെ ഭവനം (കിടപ്പാടം) നഷ്ടപ്പെടാതിരിക്കുന്നതിനുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് 5 കോടി രൂപ വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/2013/ഭവനം തീയതി 15-5-2014)

ശുപാർശ

**കൽപ്പറ്റ ഭവന പദ്ധതി (നോൺ പ്ലാന്)**

ഈ പദ്ധതി പ്രകാരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ള വീടുകളുടെയും ഭൂമിയുടെയും വില സർക്കാരിൽ നിന്ന് ലഭിക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ 1,87,77,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ വിഭവ ലഭ്യതയുടെ പരിമിതി കാരണം കൂടുതൽ വിഹിതം അനുവദിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4515/എ 3/2013/ഭവനം തീയതി 24-5-2014)

<u>ശുപാർശ</u>

**ഒ.റ്റി.എസ്. ആനുകൂല്യം (നോൺ പ്ലാൻ )**

ദുർബല വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഒ.റ്റി.എസ്. ആനുകൂല്യം നൽകിയ വകയിൽ തുക സർക്കാരിൽ നിന്നും നൽകേണ്ടതായ 137.85 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഇ.ഡബ്ല്യൂ.എസ്. ലോൺ എഴുതിത്തള്ളിയതിൽ ബാക്കി ലഭിക്കാനുള്ളത്**

ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ലോൺ എഴുതിത്തള്ളിയ ഇനത്തിൽ ബാക്കിത്തുക സർക്കാരിൽ നിന്നും നൽകാനുള്ളതിനാൽ പ്രസ്തുത ഇനത്തിൽ 71.24 കോടി രൂപ വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36 & 37)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം അധികതുക അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/2013/ഭവനം തീയതി 15-5-2014)

<u>ശുപാർശ</u>

**റവന്യൂ ടവർ പദ്ധതി മട്ടന്നൂർ & ഹരിപ്പാട് (നോൺ പ്ലാൻ )**

മട്ടന്നൂരിലും ഹരിപ്പാടിലുമുള്ള റവന്യൂ ടവർ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 15 കോടി രൂപ റവന്യൂ വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഹരിപ്പാട് റവന്യൂ ടവർ പദ്ധതി 20-2-2014/ലെ സ.ഉ. നമ്പർ 26/14/ഭവനം പ്രകാരം അഡീഷണൽ ഓതറൈസേഷൻ വഴി ഒരു കോടി രൂപ അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 4510/ബി2/2013/ഭവനം തീയതി 15-5-2014)

<u>ശുപാർശ</u>

**മൾട്ടി ലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന്- റവന്യൂ ടവർ, എറണാകുളം**

എറണാകുളത്ത് മൾട്ടി ലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 15 കോടി രൂപ ബജറ്റ് വിഹിതമായി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം അധികതുക അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/2013/ഭവനം തീയതി 15-5-2014)

<u>ശുപാർശ</u>

**സിറ്റി സെന്റർ, തൊടുപുഴ (നോൺ പ്ലാന്)**

തൊടുപുഴ സിറ്റി സെന്റർ പദ്ധതി നടപ്പിലാക്കുന്നതിന് 20 കോടി രൂപ ബജറ്റ് വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊടുപുഴ സിറ്റി സെന്റർ പദ്ധതി ന്യൂ സർവീസ് സ്കീമിൽ ഉൾപ്പെടുത്തി 6216-80-201-97 എന്ന ശീർഷകം തുറന്ന് 1,000 രൂപ വകയിരുത്തി.

(സർക്കാർ കത്ത് നമ്പർ 4510/ബി2/2013/ഭവനം തീയതി 15-5-2014)

<u>ശുപാർശ</u>

**സാന്ത്വനം വാടക വീട് പദ്ധതി (പ്ലാന്)**

സാന്ത്വനം വാടക വീട് പദ്ധതി നടപ്പാക്കാൻ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സുരഭി ഭവന പദ്ധതി (പ്ലാന്)**

ദുർബ്ബല വിഭാഗക്കാർക്ക് വസ്തുവിൽ വീടുവച്ച് നൽകുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41 & 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 4510/ബി2/2013/ഭവനം തീയതി 15-5-2014)

## ഭാഗം 2

## 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശകൾ

| *വകുപ്പ്* | *ശുപാർശ/ഖണ്ഡികകൾ* |
|---|---|
| 1. ഭവനനിർമ്മാണം | 21 |
| 2. തദ്ദേശസ്വയംഭരണം | 43 മുതൽ 73 വരെ |

കെ. സി. ജോസഫ്,
*അദ്ധ്യക്ഷൻ ,*
*വിഷയനിർണ്ണയ സമിതി IX.*

തിരുവനന്തപുരം,
2014 ജൂലൈ 10.